**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1769 — 08.06.2018-ൽ മറുപടിയ്ക്ക്

**ഹരിത കേരളം മിഷൻ മുഖേന മാലിന്യ സംസ്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.ദിവാകരൻ** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) സംസ്ഥാനത്ത് ഹരിതകേരളം മിഷനിലൂടെ മാലിന്യ സംസ്കരണ മേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ഹരിത കേരളം മിഷൻ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്ക്കരണ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(സാധാ)നം. 2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരമാണ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. പരമാവധി പൊതുജനപങ്കാളിത്തം ഉറപ്പാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ടി മാർഗ്ഗരേഖയുടെയടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥൻമാർക്കും മിഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ചും പ്രോജക്ട് രൂപീകരണം സംബന്ധിച്ചും ശില്പശാലയും പരിശീലനവും നൽകിയിട്ടുണ്ട്.<br><br>ഹരിത കേരളം മിഷന്റെ ഭാഗമായ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള ഫീൽഡ്തല കാമ്പയിൻ പ്രവർത്തനങ്ങളാണ് "മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" എന്ന പേരിൽ സംഘടിപ്പിക്കപ്പെട്ടത്. കാമ്പയിന്റെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയ അവസ്ഥാ നിർണ്ണയ വിവരശേഖരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിലെ അവസ്ഥ മനസ്സിലാക്കുന്നതിനും, അനുയോജ്യമായ പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും സഹായകമായിട്ടുണ്ട്.<br><br>ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ ഉത്പാദകന്റെ ഉത്തരവാദിത്വത്തിൽ കിച്ചൻബിൻ, മൺകലം കമ്പോസ്റ്റ്, എയറോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് സംസ്കരിക്കപ്പെടുന്നതിനും, തദ്ദേശസ്ഥാപനതലത്തിൽ രൂപീകരിക്കുന്ന ഹരിത കർമ്മസേന വഴി അജൈവ മാലിന്യങ്ങൾ നിശ്ചിത ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് തദ്ദേശസ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ എത്തിക്കുകയും അവിടെ നിന്നും പുന:ചംക്രമണ, പുനരുപയോഗ വിധേയമാക്കാവുന്നവ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ എത്തിച്ച് രണ്ടാംതരംതിരിവ് നടത്തി ക്ലീൻ കേരള കമ്പനി വഴി പുന:ചംക്രമണത്തിന് കൈമാറുന്നതിനും പുന:ചംക്രമണ വിധേയമാക്കാൻ കഴിയാത്തവ ഷ്രെഡ്ഡു ചെയ്ത് റോഡ് ടാറിങ്ങിന് വിധേയമാക്കുവാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.<br>സംസ്ഥാനത്തെ 878 തദ്ദേശ സ്വയംഭരണ |

സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണപ്രവർത്തനങ്ങൾക്കുവേണ്ടി ഹരിത കർമ്മസേന രൂപീകരിച്ചു കഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 274 മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി സ്ഥാപിക്കുകയും അതിൽ 227 എണ്ണം (എം.സി.എഫ്) പ്രവർത്തനക്ഷമമായിട്ടുമുണ്ട്. അതുപോലെ 91 റിസോഴ്സ് റിക്കവറി ഫസിലിറ്റി സ്ഥാപിച്ചു 81 എണ്ണം പ്രവർത്തനമാരംഭിച്ചു. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗിനായി ആർ.ആർ.എഫിൽ ഉൾപ്പെട്ടും അല്ലാതെയും 97 യൂണിറ്റും സ്ഥാപിച്ചു. ശേഷിക്കുന്ന തദ്ദേശ സ്ഥാപനങ്ങളിൽ ഹരിത കർമസേന രൂപീകരിക്കുവാനും അതുപോലെ മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റിയും റിസോഴ്സ് റിക്കവറി ഫസിലിറ്റിയും, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധഘട്ടങ്ങളിലാണ്. ഹരിതകർമ്മസേനയ്ക്കുവേണ്ട സാങ്കേതിക പിന്തുണ നൽകുന്നതിന് 36 എണ്ണം ഹരിതസഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവർ ജില്ലകളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിതകർമസേനയ്ക്ക് വേണ്ട സാങ്കേതിക പിന്തുണ നൽകുന്നതാണ്. അജൈവമാലിന്യ പരിപാലനത്തിൽ ക്ലീൻ കേരളകമ്പനിക്ക് ചുമതല നിശ്ചയിച്ചിട്ടുണ്ട്.

2017-18, 2018-19-ലെ തദ്ദേശ സ്ഥാപന പദ്ധതിരേഖയിൽ ത്രിതല പഞ്ചായത്തുകളും നഗരസഭകളും പൊതുവിഭാഗം വികസനഫണ്ടിന്റെ യഥാക്രമം 10%, 15% തുക മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി ഹരിത കേരളം മിഷൻ പ്രോജക്ടുകൾക്കായി വകയിരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം 2017-18-ൽ 252 കോടി രൂപ അടങ്കൽ വരുന്ന 3814 എണ്ണം മാലിന്യ പരിപാലന പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്.

സർക്കാർ ഓഫീസുകളിൽ ഹരിത ചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതല നോഡൽ ഓഫീസർമാർ, സംസ്ഥാനതല റിസോഴ്സ് പേഴ്സൺമാർ, ജില്ലാ/ബ്ലോക്ക് തല നോഡൽ ഓഫീസർമാർ എന്നിവരുടെ പരിശീലന പരിപാടി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. ജൂൺ 5 പരിസ്ഥിതി ദിനത്തിന് മുന്നോടിയായി സർക്കാർ ഓഫീസുകൾ സ്വയം ഗ്രീൻ പ്രോട്ടോക്കോൾ പ്രഖ്യാപനം നടത്തുന്നതിന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

അജൈവ വസ്തുക്കളുടെ ശേഖരണം, പുനഃചംക്രമണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പാഴ് വസ്തു വ്യാപാരികളുടെ സംഘടനയുമായും പ്ലാസ്റ്റിക് റീസൈക്ലിംഗ് മേഖലയിലെ സംഘടനകളുമായും ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ പ്രവർത്തനം നടന്നുവരുന്നു. പാഴ് വസ്തു വ്യാപാരികൾക്ക് രജിസ്ട്രേഷൻ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ പ്രസ്തുത സംഘടനകളുമായി സഹകരിച്ച് അജൈവമാലിന്യ ശേഖരണ ഡ്രൈവുകളും ആരോഗ്യ ജാഗ്രതയുടെ ഭാഗമായി നടത്തിവരുന്നുണ്ട്.

(ബി) ഹരിത കർമ്മസേന രൂപീകരിക്കാത്ത ഗ്രാമപഞ്ചായത്തുകളുണ്ടോ; എങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ?

b) ഉണ്ട്. ഹരിത കർമ്മസേന രൂപീകരിക്കാത്ത പഞ്ചായത്തുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | ഗ്രാമപഞ്ചായത്ത് |
|---|---|
| തിരുവനന്തപുരം | വിളപ്പിൽ, ചെങ്കൽ, കാഞ്ഞിരംകുളം, വെട്ടൂർ, അമ്പൂരി |
| ഇടുക്കി | പെരുവന്താനം, ഇടമലക്കുടി |
| എറണാകുളം | കടുങ്ങല്ലൂർ, മുളവുകാട, എടത്തല, ഇലഞ്ഞി, കോട്ടുവള്ളി, വാളകം,ഉദയംപേരൂർ, ഒക്കൽ |
| തൃശ്ശൂർ | അന്തിക്കാട്, മാള, ചാഴൂർ, പൊയ്യ, അരിമ്പൂർ, മതിലകം, കാട്ടുകുറ്റി, ഏറിയാട്, കോടശ്ശേരി, ചേലക്കര, കൊരട്ടി, കൊണ്ടാഴി, മേലൂർ, പാഞ്ഞാൾ, അതിരപ്പിള്ളി, തിരുവില്വാമല, പുന്നയൂർ, അവണൂർ, വടക്കേക്കാട്, തോളൂർ, ചൊവ്വന്നൂർ, കോലഴി, കടവല്ലൂർ, നാട്ടിക, അളഗപ്പനഗർ, പടിയൂർ, പുതുക്കാട്, വേളൂക്കര, കഴൂർ, ദേശമംഗലം, മുള്ളൂർക്കര |
| മലപ്പുറം | പാണ്ടിക്കാട്, മൂർക്കനാട്, വണ്ടൂർ, പുഴക്കാട്ടിരി, ചീക്കോട്, കുറുവ, തൃപ്രങ്ങോട്, ഒതുക്കുങ്ങൽ, പൊന്മുണ്ടം, എടപ്പാൾ, വെളിയങ്കോട്, കാലടി |
| വയനാട് | കണിയാംപറ്റ, നൂൽപ്പുഴ, വെള്ളമുണ്ട |
| കാസർഗോഡ് | ബളാൽ, കുറ്റിക്കോൽ, ബെള്ളൂർ, മധൂർ, ചെമ്മനാട്, മഞ്ചേശ്വരം, ചെങ്കള, മുളിയാർ, ദേലംപാടി, പടന്ന, ഈസ്റ്റ് എളേരി, പനത്തടി, കള്ളാർ, പിലിക്കോട്, കാറഡുക്ക, പുത്തിഗെ, കോടോംബേളൂർ, ഉദുമ, കുമ്പഡാജെ, വലിയപറമ്പ, കുമ്പള, വെസ്റ്റ് എളേരി |

(ഒപ്പ്)

സെക്ഷൻ ഓഫീസർ